7

# നമ്മുടേത് വെളിപ്പെടുത്തുന്ന ദൈവം

ഒരു പ്രധാനകാര്യത്തിൽ, ദൈവത്തിനു മറഞ്ഞിരിപ്പാൻ സാധ്യമല്ല അവന്റെ അസ്തിത്വത്തിന്റെ ഫലമാണ് വെളിപ്പാട്. സൃഷ്ടിപരമായ സ്വഭാവം അവനുള്ളതുകൊണ്ട്, അവന്റെ സൃഷ്ടി തന്നെ സൃഷ്ടികർത്താവിനെ വെളിപ്പെടുത്തുന്നു. അവന്റെ സൃഷ്ടികളായ നാം അവന്റെ സൃഷ്ടിയുടെ തെളിവാണ്.

കുറച്ചു വർഷങ്ങൾക്കു മുൻപു വത്തിക്കാനിലെ സിസ്റ്റെൻ ചാപ്പലിലെ മച്ചിൽ വരച്ചിരിക്കുന്ന മനോഹരചുവർച്ചിത്രങ്ങൾ കണ്ടു ഞാൻ ആവേശം കൊണ്ടു. ഞാൻ അതു കണ്ടു ആശ്ചര്യത്തോടെ നില്ക്കുമ്പോൾ, അത്തരം കലാരൂപം നടത്തുവാൻ ഒരാൾക്കു ലഭിച്ച അസാമാന്യകഴിവിനെ ഞാൻ ഓർത്തു, ആർക്കെങ്കിലും അതുണ്ടായിരുന്നു എന്നതിൽ ഞാൻ ആശ്ചര്യപ്പെട്ടില്ല! ആ മനോഹര ചിത്രങ്ങൾ ആരെങ്കിലും വരച്ചതാണെന്ന തെളിവാണ് നല്കിയത്. കൂടാതെ, ആ കലാകാരന്റെ സ്വഭാവസൂചനയും ഞെട്ടിക്കുന്ന വിധത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അതു പൂർത്തിയാക്കാൻ, നീണ്ട സമയം എടുത്തിരിക്കും എന്നു ഞാൻ തിരിച്ചറിഞ്ഞു. വലിയ ക്ഷമ അതിനാവശ്യമാണ് (നാലര വർഷത്തെവില). അസാധാരണ പാടവം ദൃശ്യമാണ്. ശ്രേഷ്ഠജ്ഞാനത്തിന്റെ അവബോധം അതിൽ ആനുപാതികമായി പ്രദർശിപ്പിച്ചിട്ടുണ്ട്. തീർച്ചയായും ശാരീരിക ബലം അതിനാവശ്യമാണ്. ചുരുക്കത്തിൽ, അതു മുൻ ചെന്നതെന്നു മാത്രമല്ല, ആ കലാരൂപത്തിനു പിന്നിൽ ഒരു കലാകാരനുണ്ടായിരുന്നു. ആ ചിത്രം; ആ കലാകാരന്റെ ഗുണങ്ങൾ എന്നോടു പറയുകയുണ്ടായി.

അതുപോലെയാണ് സൃഷ്ടിയുടെ കാര്യവും. അതു ആരുടേയോ മനോഹരമായ വെളിപ്പെടുത്തലാണ്. സൃഷ്ടിത്വത്തിന്റെ പൊതുവായ വെളിപ്പെടുത്തലിൽ, സൃഷ്ടികർത്താവിന്റെ ''വെറും'' അസ്തിത്വത്തേക്കാൾ കൂടുതൽ തിരിച്ചറിവു നമുക്കു നല്കുന്നുണ്ട്. നമുക്കു സൃഷ്ടികർത്താവിന്റെ ചില "സ്വഭാവങ്ങളും" കാണാൻ കഴിയും. ഉദാഹരണമായി, ദൈവത്തിൽ വിശ്വസിച്ച ഭക്തൻ ദാവീദ് ഈ

നിരീക്ഷണം നടത്തുകയുണ്ടായി: ''ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശ വിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'' (സങ്കീർത്തനങ്ങൾ 19:1). ദൈവത്തിന്റെ കൈവേലയിലെ മഹത്വം ദാവീദ് കണ്ടു. ഇന്നു നാം പ്രപഞ്ചത്തിന്റെ വലിപ്പത്തിലും നമ്മുടെ സൗരയൂഥത്തിലെ ഗ്രഹങ്ങളുടെ പ്രവർത്തനത്തിലും വിസ്മയം കൂടാറുണ്ട്. വാസ്തവത്തിൽ, നമ്മുടെ വാച്ചുകളിലും കലണ്ടറുകളിലും നോക്കി നാം ആ സൂഷ്മമായ കൃത്യതയിൽ ആശ്രയിക്കുന്നു. രാവിന്റേയും പകലിന്റേയും ക്രമവും കാലാവസ്ഥകളുടെ വരവും പോക്കും നമുക്ക് അറിയാം. സൂര്യനു ചുറ്റും വലയം ചെയ്യുന്ന ഗ്രഹങ്ങളുടെ സ്ഥാനവും വിദൂരഭാവിയിൽ ഉണ്ടാകുന്ന ഗ്രഹണങ്ങളും അറിയിക്കാൻ ജ്യോതി ശാസ്ത്രജ്ഞന്മാർക്കു കഴിയുന്നുണ്ട്. അതെ, നമുക്കു സൃഷ്ടികർത്താവിന്റെ ചില മഹത്വം, ശ്രേഷ്ഠത, ക്രമം സൃഷ്ടിയിൽ നിന്നു നമുക്കു പഠിക്കാം.

മറ്റൊരു പ്രധാന അർത്ഥത്തിൽ, ദൈവം മറഞ്ഞിരിക്കുന്നു. സൃഷ്ടിത്വത്തിൽ നാം സൃഷ്ടികർത്താവിന്റെ വസ്തുതകളും ചില "സ്വഭാവഗുണങ്ങളും" കാണുന്നു. എങ്ങനെയായാലും, ആ സൃഷ്ടാവു ആരാണെന്നു സൃഷ്ടി പറയുന്നില്ല, അതു സിസ്റ്റെൻ ചാപ്പലിലെ ചുവരെഴുത്തു ചിത്രം അതിന്റെ കലാകാരൻ ആരാണെന്ന് പറയാതിരിക്കുന്നതുപോലെയാണ്. അതു പോയിന്റ് ചെയ്തതു മൈക്കൽ അഞ്ചലോ ആണെന്നു പിന്നെ ഞാൻ മനസിലാക്കി. അതു നോക്കിയപ്പോഴല്ല എനിക്ക് മനസ്സിലായത്. നവോത്ഥാനകാലയളവിലെ ഇറ്റലിയുടെ ചരിത്രം വായിച്ചു പഠിച്ചതിൽ നിന്നാണ് ഞാനത് മനസ്സിലാക്കിയത്. അതുപോലെ, പ്രപഞ്ചത്തെ, ലോകത്തെ, നമ്മെ എല്ലാം സൃഷ്ടിച്ചതാരാണെന്നു ബൈബിൾ വായിച്ചാൽ നമുക്ക് അറിയാം. പ്രത്യേകിച്ചു ദൈവത്തിന്റെ വെളിപ്പാടുകൾ മഹത്തായ ഒരു വാസ്തു വിദ്യയെ നമുക്കു ബൈബിളിൽ കണ്ടെത്താം. തിരുവെഴുത്തുകളുടെ സഹായം കൂടാതെ നിങ്ങൾക്കും എനിക്കും സൃഷ്ടികർത്താവ് ആരാണെന്ന് അറിയാൻ സാധ്യമല്ല.

അതുകൊണ്ടാണ് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ പഠനത്തിൽ നാം ബൈബിൾ ശരിയായി ഉപയോഗിക്കണം എന്നു പറയുന്നത്. ഒരു സൃഷ്ടികർത്താവിന്റെ വസ്തുത സ്ഥിരീകരിക്കുന്നതിനു സഹായകരമായ പൊതുവായ വെളിപ്പാട് (പ്രകൃതി) നാം കണ്ടു, സൃഷ്ടികർത്താവിന്റെ ചില സ്വഭാവ വിശേഷതകളും, എന്നാൽ തിരുവെഴുത്തിലേക്കു തിരിയുമ്പോൾ ആ സൃഷ്ടികർത്താവ് ബൈബിളിലെ ദൈവം ആണെന്നു തിരിച്ചറിയാൻ കഴിയും. തന്റെ ജനങ്ങളുടെ ചരിത്രത്തിൽ അവന്റെ ശക്തമായ പ്രവൃത്തികളും നാം പഠിക്കുകയുണ്ടായി. എങ്ങനെയായാലും, അവന്റെ ധാർമ്മിക സ്വഭാവത്തെ ആസ്പദമാക്കി ആയിരുന്നു അവൻ ചരിത്രത്തിൽ ഇടപെട്ടത് എന്നതു പ്രാധാന്യമർഹിക്കുന്നു. ഈ മഹത്തായ സത്യം ബൈബിളിൽ നിന്നാണ് വരുന്നത് - അല്ലാതെ അവന്റെ ഒറ്റപ്പെട്ട പ്രവൃത്തികളിൽ ആയിരുന്നില്ല. അതുകൊണ്ട്, നമുക്ക് ഒരു മറഞ്ഞിരിക്കുന്ന ദൈവവും വെളിപ്പെടുത്തിയ ദൈവവുമുണ്ട് (സൃഷ്ടി)

പ്രകൃതിയിലും ബൈബിളിലും, കുറെയൊക്കെ അവന്റെ ഇഷ്ടത്തിലും വെളിപ്പെടുത്തിയിട്ടുണ്ട്.

### അവന്റെ ആശയവിനിമയത്തിൽ വെളിപ്പെടുത്തി

ദൈവം തന്നെ വ്യക്തിപരമായി വെളിപ്പെടുത്തിയിരിക്കുന്നതായി ബൈബിൾ കാണിക്കുന്നു. അവൻ അബ്രഹാം, ഇസാക്ക്, യാക്കൊബ്, മോശെ, ശമുവേൽ, നാഥാൻ, യെഹെസ്ക്കേൽ മുതലായവരോട് സംസാരിച്ചു.[1] ആ ആശയവിനിമയം അവന്റെ ഇഷ്ടം അറിയിക്കുന്ന തിനായിരുന്നു. തന്റെ ജനത്തെ ശരിയായി നയിക്കുവാൻ അവൻ ആഗ്രഹിച്ചു. അതിൽ ചരിത്ര വസ്തുതകളേക്കാൾ കൂടുതൽ അടങ്ങി യിട്ടുണ്ട്. അവന്റെ വെളിപാടിൽ പരമപ്രധാനമായതാണ് തന്റെ പ്രവൃത്തികളുടെ കാരണവിവരണവും തന്റെ ജനത്തോടുള്ള ബന്ധവും. അതുകൊണ്ടു, അവന്റെ വാക്കുകളും പ്രവൃത്തികളും യോജിച്ച സംരക്ഷണം കരുതൽ, സഹായം, നിരപ്പ് എന്നിവ ഉള്ളതായ ഒരു ദൈവത്തെ വരച്ചു കാണിച്ചിരിക്കുന്നു. ആ പശ്ചാത്തലത്തിൽ അവന്റെ ഇഷ്ടം വെളിപ്പെടുത്തിയിരിക്കുന്നു.

### അവന്റെ നിയമത്തിൽ വെളിപ്പെടുത്തി

നിയമവും, അതോടുകൂടി ശാഖോപശാഖകളും, ദൈവത്തിനു തന്റെ ജനത്തോടുള്ള കരുതലിന്റെ കേന്ദ്രബിന്ദുവായിരുന്നു. ആ നിയമം ആളു കൾ പഠിച്ചു വേർതിരിച്ചറിഞ്ഞില്ല, ചരിത്രം തരം തിരിച്ചു അറിയുകയോ, അല്ലെങ്കിൽ അയൽക്കാരായ ആളുകളുടെ ആനുകാലിക നിയമാവലി യിൽ നിന്നും മനസ്സിലാക്കിയില്ല.[2] അതു ദൈവം നേരിട്ടു, സിനായ് പർവ്വ തത്തിൽ വെച്ചു "പത്തു വാക്കുകൾ" ആയി കൊടുത്തതായിരുന്നു.[3]

### അവന്റെ വാക്കുകളിലും പ്രവൃത്തികളിലും വെളിപ്പെടുത്തി

തന്റെ വാക്കുകളിലും പ്രവൃത്തികളിലും ദൈവം തന്റെ ജനത്തിനു സ്വയം - വെളിപ്പെടുത്തൽ നടപടി തുടർന്നു. അവന്റെ പ്രവൃത്തികൾ തന്റെ ശക്തിയിൽ അവനെ വെളിപ്പെടുത്തി. അവർക്കു വെളിപ്പെടുത്തിയ പ്രവൃത്തികൾക്കായി, ലക്ഷ്യം ഉളവാക്കുന്നതായിരുന്നു അവന്റെ വാക്കുകൾ.[4] പിൻവരുന്ന തലമുറകൾക്കു പ്രയോജനപ്പെടേണ്ടതിനു അവയെല്ലാം എഴുതപ്പെട്ടിരുന്നു.[5] എഴുതപ്പെട്ടതിനപ്പുറം, പോകാതെയും അതിൽ നിന്നും കുറക്കാതെയും എഴുതപ്പെട്ടതിൽ തന്നെ ആളുകൾ അതീവശ്രദ്ധാലുക്കൾ ആയിരുന്നു.[6]

തന്റെ ജനത്തോടുള്ള ബന്ധത്തിൽ ആവശ്യമായ ഘടകങ്ങൾ ആയിരുന്നു ദൈവം വെളിപ്പെടുത്തിയ വാക്കുകളും പ്രവൃത്തികളും. അവൻ പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ, അവർ അവന്റെ ശക്തി അറിയുമായിരുന്നില്ല. അവൻ സംസാരിച്ചില്ലായിരുന്നെങ്കിൽ, അവർ അവന്റെ ഇഷ്ടം അറിയുമായിരുന്നില്ല. ആ "രക്ഷാ ചരിത്രം" എഴുതപ്പെ ട്ടില്ലായിരുന്നെങ്കിൽ, അവർ അതു ഓർക്കുമായിരുന്നില്ല അവർ ഓർമ്മി ച്ചില്ലായിരുന്നെങ്കിൽ, അവർ അവനിൽ നിന്നു വേർപിരിയുമായിരുന്നില്ല

അവരുടെ ഒരു വലിയ നായകൻ ഇങ്ങനെ പറഞ്ഞതിൽ അതിശയിക്കുവാനില്ല,

> ... യഹോവ എന്റെ ശൈലവും എൻകോട്ടയും എന്റെ രക്ഷകനും ആകുന്നു; എന്റെ പാറയായ ദൈവം, അവനിൽ ഞാൻ ആശ്രയിക്കും; എന്റെ പരിചയവും എന്റെ രക്ഷയായ കൊമ്പും, എന്റെ ഗോപുരവും എന്റെ സങ്കേതവും തന്നേ; എന്റെ രക്ഷിതാവേ, നീ എന്റെ സാഹസത്തിൽ നിന്നു രക്ഷിക്കുന്നു (2 ശമുവേൽ 22:2, 3).

**പ്രവാചകന്മാരിൽ വെളിപ്പെടുത്തി**

ദൈവത്തിന്റെ ഏറ്റവും വലിയതും ഏറ്റവും പൂർണ്ണവുമായ വെളിപ്പാട് വരുന്നേയുള്ളു. ദൈവം തന്റെ പിതാവും പദ്ധതികളും മുഖ്യമായ ദൈവത്തിന്റെ പ്രവാചകന്മാരിൽ കൂടെയാണ് മുഖ്യമായും വെളിപ്പെടുത്തിയത് സിനായ് നിയമത്തിൻ കീഴിലായിരിക്കുമ്പോൾ, അവർ വരുവാനിരിക്കുന്ന ഒരു പുതിയ നിയമത്തെക്കുറിച്ചു പറഞ്ഞു. ആ നിയമത്തെപ്പറ്റി യിരെമ്യാവു വിശദമാക്കി – അതിന്റെ ആരംഭം, അതിന്റെ സ്വഭാവം, അതു ലഭിക്കുന്നവർക്കു ലഭിക്കുന്ന ഉപകാരപ്രദമായ ഫലങ്ങളും വിശദമാക്കി:

> “ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും, പുതിയോരു നിയമം ചെയ്യുന്ന ‘കാലം വരും,’ എന്നു യഹോവയുടെ അരുളപ്പാട്, ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയിം ദേശത്തു നിന്നു കൊണ്ടു വന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല, ... ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു, എന്നു യഹോവയുടെ അരുളപ്പാട് എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും, അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ അതും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും ‘യഹോവയെ അറിക’ എന്നു ഉപദേശിക്കയില്ല, അവർ അബാല വൃദ്ധം എല്ലാവരും എന്നെ അറിയും,” “ഞാൻ അവരുടെ അകൃത്യം മോചിക്കും, അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്” (യിരെമ്യാവു 31:31–34).

ദൈവത്തിന്റെ പ്രവാചകന്മാരിൽ, ഒരാളൊഴിച്ചു മോശെയെ താരതമ്യം ചെയ്യാവുന്ന – ആരും ഉണ്ടായിരുന്നില്ല (ആവർത്തനപുസ്തകം 34:10–12). തന്നെപോലെ ഒരു പ്രവാചകൻ വരുമെന്ന് മോശെ അരുളിച്ചെയ്തിരുന്നു. ആളുകൾ ആ പ്രവാചകൻ പറയുന്നതു തുറന്ന മനസ്സോടെ കേൾക്കണമായിരുന്നു, കാരണം അവൻ ദൈവത്തിന്റെ വാക്കുകൾ ആയിരിക്കും സംസാരിക്കുക (ആവർത്തനപുസ്തകം 18:15–19).

## തന്റെ പുത്രനിൽ വെളിപ്പെടുത്തി

ആ പ്രവാചകനെ പിന്നീട് കഷ്ടതയേല്ക്കുന്ന യേശു, എന്ന മശിഹയായി തിരിച്ചറിഞ്ഞു (പ്രവൃത്തികൾ 3:17–26). മരണത്തെ ഇല്ലാതാക്കുന്ന നീതിമാൻ (പ്രവൃത്തികൾ 7:52, 53). താൻ ക്രൂശിൽ മരിക്കുന്നതിനു മുൻപു, തന്റെ അപ്പൊസ്തലന്മാരുമായി പെസഹ ആഘോഷിച്ചു. ആ പെസഹയിൽ അവൻ അപ്പത്തിനും പാനപാത്രത്തിനും പുതിയ അർത്ഥം കൊടുത്തു, "വാങ്ങി, ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം ആകുന്നു." പാനപാത്രം എടുത്തുകൊണ്ട്, അവൻ പറഞ്ഞു, "എല്ലാവരും, ഇതിൽ നിന്നു കുടിപ്പിൻ; ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന [പുതിയ] നിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:26–28; മർക്കൊസ് 14:22–24; ലൂക്കൊസ് 22:19, 20). അവന്റെ യാഗത്താൽ, അവൻ ശ്രേഷ്ഠമായ പുതിയ നിയമത്തിന്റെ, മദ്ധ്യസ്ഥനായി തീർന്നു. പഴയ നിയമത്തിൻ കീഴിൽ വിശ്വസ്തമായി ജീവിച്ചിരുന്നവർക്കു വീണ്ടെടുപ്പു അർത്ഥമാക്കി അതിൽ നിന്നു വിടുതൽ വാഗ്ദാനം ചെയ്തു, അവൻ ഒന്നാമത്തെ നിയമത്തെ കാലോചിതമല്ലാതാക്കി (എബ്രായർ 8–10).

ദൈവത്തിന്റെ ഏറ്റവും ഉയർന്ന വെളിപ്പാടാണ് നസ്രായനായ യേശു. യെശയ്യാവു പറഞ്ഞതായ ''ഇമ്മാനുവേൽ,'' അർത്ഥം ''ദൈവം നമ്മോടുകൂടെ" എന്നു തിരിച്ചറിഞ്ഞു (യെശയ്യാവു 7:14; മത്തായി 1:20–23). അതുകൊണ്ട്, ദൈവത്തിനു തന്റെ ജനത്തോടുള്ള വെളിപ്പെടുത്തിയ ബന്ധം ഏറ്റവും ഉയർന്ന നിലയിൽ, അവന്റെ പുത്രനായ യേശുവിൽ എത്തി.

> അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചന മെന്ന വീണ്ടെടുപ്പു ഉണ്ട്. അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാരാധനപ്രകാരം സകല ജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു (എഫെസ്യർ 1:7–9).

---

കുറിപ്പുകൾ

[1]ഉല്പത്തി 13:14; 26:2; 28:13; പുറപ്പാട് 6:2,8; 1 ശമുവേൽ 3:10; 2 ശമുവേൽ 7:4; യെഹസ്ക്കേൽ 3:22. [2]ജെയിംസ് ബി.പ്രിച്ചാർഡ്, ഇഡി, "ദ മിഡിൽ അസീറിയൻ ലാസ്," ഇൻ *ഏൻഷ്യന്റ് നിയർ ഈസ്റ്റേൺ ടെക്സ്റ്റ്സ് റിലേറ്റിങ്ങ് ടു ദ ഓൽസ് ടെസ്റ്റമെന്റ്* 2–ാം എഡി., ട്രാൻസ്. എഫ്.ജി. ആന്റ് തിയോഫിലേ ജെ. മിക്കേ (പ്രിൻസ്റ്റൺ, എൻ.ജെ: പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി, 1955), 180–88. [3]I.e., ദ ഹീബ്രു ഫ്രെയിസ് *സെരേത്ത് ഹാഡ്ബാരിം* എന്നതിന്റെ അർത്ഥം "ദ ടെൻ വേഡ്സ്" എന്നാണ്; ദ ഗ്രീക്ക് (LXX), *ഹോയി ഡെക്കാ ലോഗോയി,* എന്നതിനർത്ഥം "ദ ടെൻ വേഡ്സ്," അല്ലെങ്കിൽ "ഡെക്കലോഗ്" എന്നാണ്. [4]ആർനോൾസ് ബി.റോസെസ്, *ദ മൈറ്റി ആക്സ് ഓഫ് ഗോഡ്* (റിച്ചുമോണ്ട്, വി.ഏ.: സി എൽ സി പ്രെസ്, 1964), 12–13. [5]ആവർത്തനപുസ്തകം 31:24; യോശുവ 1:8; നെഹെമ്യാവു 8:13, 14; യെശയ്യാവു 30:8; യിരെമ്യാവു 30:1, 2; മുതലായവ. [6]ആവർത്തനപുസ്തകം 4:1, 2; സദൃശവാക്യങ്ങൾ 30:5, 6; മർക്കൊസ് 11:17; വെളിപ്പാട് 22:18, 19.



© 2009 Truth for Today